(സി) എൻ.ആർ.എച്ച്.എം. വഴി നിയമിക്കപ്പെട്ടവരുടെ നിയമനരീതിയും സർവ്വീസിൽ തുടരുന്നവരുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.* പിരിച്ചുവിട്ടവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രക്ത ബാങ്ക്

46 (6198) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മോഡൽ ബ്ലഡ് ബാങ്കായ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രക്ത ബാങ്കിൽ എത്ര ഡോക്ടർമാരുടെ സേവനം നിലവിൽ ഉണ്ട് ; ഇവരുടെ ഡ്യൂട്ടി ക്രമീകരിച്ചിരിക്കുന്നത് എപ്രകാരമെന്ന് വിശദമാക്കുമോ ;

(ബി) എച്ച്1 എൻ1 ഡെങ്കി തുടങ്ങിയ പകർച്ച വ്യാധികൾ പടരുന്ന ഈ അവസരത്തിൽ രക്തത്തിന്റെയും രക്ത ഘടകങ്ങളുടേയും ആവശ്യം വളരെയേറെയുള്ള സന്ദർഭമായിട്ടുപോലും പ്രസ്തുത ഡോക്ടർമാരുടെ സേവനം വേണ്ടത്ര ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 24 മണിക്കൂറും പ്രവർത്തിക്കേണ്ട രക്ത ബാങ്കിൽ ഏതൊക്കെ സമയങ്ങളിലും ദിവസങ്ങളിലുമാണ് രക്തം ശേഖരിക്കുന്നത് ; ഞായറാഴ്ചകളിൽ രക്തം ശേഖരിക്കാറുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ് ; ഇവിടെ ഞായറാഴ്ചകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാണോ ;

(ഡി) പ്രസ്തുത രക്ത ബാങ്കിലെ ഡോക്ടർമാരിൽനിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) മോഡൽ ബ്ലഡ് ബാങ്കായ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ബ്ലഡ് ബാങ്കിൽ അഞ്ച് മെഡിക്കൽ ഓഫീസർമാരുടെ സേവനം നിലവിലുണ്ട്. ഇതുകൂടാതെ 5 റസിഡന്റ് ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. രോഗികൾക്ക് 24 മണിക്കൂറും സേവനം ലഭ്യമാകത്തക്ക വിധം ഡോക്ടർമാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല. തിരുവനന്തപുരം മെഡിക്കൽ കോളേജ് രക്തബാങ്കിൽ ഡോക്ടർമാരുടേയും ടെക്നീഷ്യന്മാരുടേയും സേവനം 24 മണിക്കൂറും ലഭ്യമാണ്.

(സി) 24 മണിക്കൂറും പ്രവർത്തിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രക്തബാങ്കിൽ എല്ലാ ദിവസവും രാവിലെ 8 മണിമുതൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വൈകുന്നേരം 4 മണിവരെ പതിവായി രക്തശേഖരണം നടത്താറുണ്ട്. ഇതുകൂടാതെയുള്ള സമയങ്ങളിലും ഞായറാഴ്ചകളിലും രക്തശേഖരണം നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഡ്യൂട്ടിയിലുള്ള ഡോക്ടർമാരുടേയും ടെക്നീഷ്യൻമാരുടേയും സേവനം 24 മണിക്കൂറും ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. ഇതിനുപുറമേ ഡോക്ടറും ടെക്നീഷ്യനും സ്റ്റാഫ് നഴ്സും മറ്റുമുള്ള സംഘം ആശുപത്രിക്ക് പുറത്ത് സംഘടിപ്പിക്കുന്ന രക്തകൃാമ്പുകളിൽനിന്നും രക്തം ശേഖരിച്ച് ബ്ലഡ് ബാങ്കിൽ എത്തിക്കാറുണ്ട്.

(ഡി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബ്ലഡ് ബാങ്കുകളുടെ നവീകരണത്തിന് നടപടി

47 (6199) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കുകളുടെ നവീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ചില ബ്ലഡ് ബാങ്കുകളിൽ രക്തം സ്വീകരിക്കുന്നവരിൽ നിന്നും അധിക ഫീസ് ഈടാക്കുന്നതായ പരാതിയെക്കുറിച്ചന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ഇത്തരം പരാതികൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ബ്ലഡ് ബാങ്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഇനിയും ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കാത്ത താലൂക്ക് ആശുപത്രികൾ ഏതൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇവിടെയെല്ലാം ബ്ലഡ് ബാങ്ക് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2010-11 സാമ്പത്തിക വർഷത്തിൽ ബ്ലഡ് ബാങ്കുകളുടെ വികസനത്തിനായി 75 ലക്ഷം രൂപ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ബ്ലഡ് ബാങ്കുകൾക്കാവശ്യമായ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly